**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 755** **28-06-2022 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. വി.എന്‍ വാസവന്‍<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലുൾപ്പെട്ട എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ നിന്ന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി 168 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | അവയിൽ എത്രപേർക്ക് പ്രസ്തുത ആനുകൂല്യം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | 2 അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | എത്ര അപേക്ഷകൾ റിസ്ക് ഫണ്ട് ബോർഡിന്റെ പരിഗണനയിൽ കുടിശ്ശികയായുണ്ടെന്ന് വ്യക്തമാക്കാമോ; അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കാമോ? | (സി) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ നിന്ന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബോർഡിന്റെ പരിഗണനയിൽ 166 അപേക്ഷകൾ കുടിശ്ശികയായുണ്ട്. മേൽ കുടിശ്ശിക അപേക്ഷകളിൽ 3 അപേക്ഷകൾ ന്യൂനത പരിഹരിച്ച് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ബാങ്ക്/സംഘങ്ങൾക്ക് കത്ത് നൽകിയിട്ടുള്ളതും, 1 അപേക്ഷ നിരസിക്കുന്നതിനും 4 അപേക്ഷകൾക്ക് ആനുകൂല്യം നൽകുന്നതിനുമായുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട് . ബാക്കി 158 അപേക്ഷകളിൽ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ